ഗവൺമെന്റ് ആശുപത്രികളിൽ ലഭിക്കുന്ന സേവനം

15 (*418) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങൾ ആരോഗ്യ രക്ഷയ്ക്കും ചികിത്സയ്ക്കും വേണ്ടി പ്രതിവർഷം എന്തുതുക ചെലവഴിക്കുന്നതായി കണക്കാക്കപ്പെടുന്നു ;

(ബി) ഇതിൽ സ്വകാര്യ ആശുപത്രികൾക്ക് ലഭിക്കുന്ന വിഹിതം എത്ര ;

(സി) ഗവൺമെന്റ് ആശുപത്രികളിലെ സ്പെഷ്യാലിറ്റി വിഭാഗങ്ങളെ ആശ്രയിക്കാതെ ഗുരുതരമായി രോഗം ബാധിച്ചവർ സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളെ ആശ്രയിക്കുന്നതെന്തുകൊണ്ടാണ് ;

(ഡി) ഗവൺമെന്റ് ആശുപത്രികളിൽ കൂടുതൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളും മെച്ചപ്പെട്ട സേവനവും ഏർപ്പെടുത്താൻ നടപടിയെടുക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ&ബി) വിശദമായ പഠനത്തിലൂടെ മാത്രമേ ഇത് സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ. ആരോഗ്യ വകുപ്പ് ഇത്തരം ഒരു പഠനം ഇതുവരെ നടത്തിയിട്ടില്ല.

(സി) സർക്കാർ ആശുപത്രികളിലെ സ്പെഷ്യാലിറ്റി വിഭാഗങ്ങളെയാണ് ഗുരുതരമായി രോഗം ബാധിച്ചവർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്. മറിച്ചുള്ള ധാരണ ശരിയല്ല.

(ഡി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ എല്ലാവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഇപ്പോൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ 96 ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗം ഏർപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗം ഇല്ലാത്ത ആശുപത്രികളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആയത് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ വരുത്തുന്ന പരിഷ്ക്കാരങ്ങൾ

16 (*419) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ നടപടി ക്രമങ്ങളിലും പോലീസ് സേനയിലും എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസുകാരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന ചുമതലയുടെ ഭാഗമല്ലാത്ത പരാതികൾ കൈകാര്യം ചെയ്യുന്നതിന് പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സേവന വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഏതെല്ലാം വകുപ്പുകളെയാണ് ഉൾപ്പെടുത്തേണ്ടത് എന്ന കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(ഡി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

പാരമ്പര്യ വൈദ്യന്മാർക്ക് ലൈസൻസ് ഏർപ്പെടുത്താൻ നടപടി

17 (*420) ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പാരമ്പര്യ വൈദ്യന്മാർ ചികിത്സ നടത്തുന്നതിനും ഔഷധ നിർമ്മാണത്തിനും ഔഷധ വിപണനത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാരമ്പര്യ വൈദ്യന്മാർക്ക് പ്രാക്ടീസ് നടത്തുന്നതിനും ഔഷധ നിർമ്മാണ വിപണനം നടത്തുന്നതിനും ലൈസൻസ് ഏർപ്പെടുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) അംഗീകൃത യോഗ്യതയില്ലാത്തവർക്ക് മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യപ്പെടാൻ നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ പാരമ്പര്യ വൈദ്യന്മാർ അനവധികാലമായി പ്രാക്ടീസ് ചെയ്യുന്നവരാണെന്നും, അവർ ഗുരുകുല സമ്പ്രദായത്തിലൂടെ ആർജ്ജിച്ച വിജ്ഞാനം സമൂഹത്തിനു ലഭിക്കണമെന്ന ഉദ്ദേശം മുൻനിർത്തിയും പ്രസ്തുത വകുപ്പുകൾ ഉൾപ്പെടുത്തിക്കൊണ്ട് മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് നിയമം ഭേദഗതി ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കയാണ്.

പാരമ്പര്യ/സിദ്ധവൈദ്യത്തിലെ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ലൈസൻസ് ആവശ്യമില്ല. ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ടിലേയും റൂൾസിലേയും വ്യവസ്ഥകൾ അനുസരിച്ച് അത്തരം മരുന്നുകൾ വില്പന നടത്തുന്നതിനോ വിതരണം നടത്തുന്നതിനോ ലൈസൻസിന്റെ ആവശ്യമില്ല. വില്പനയ്ക്കായി നിർമ്മിക്കുന്നതിനു മാത്രമേ ലൈസൻസിന്റെ ആവശ്യമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly